ഹരിതകേരളം മിഷൻ
കേരള സർക്കാർ

03.08.2020

## പത്രക്കുറിപ്പ്

# വൃത്തിയുള്ള നാടൊരുക്കാൻ ഹരിതകർമ്മസേന ഹരിതകേരളം മിഷൻ ഫേസ്ബുക്ക് ലൈവ് പരമ്പരയ്ക്ക് ഇന്ന് (04.08.2020) തുടക്കം

സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന ഹരിതകർമ്മസേനയെക്കുറിച്ച് ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ഫേസ്ബുക്ക് പരമ്പരയ്ക്ക് ഇന്ന് (04.08.2020 ചൊവ്വ) തുടക്കമാവും. ശ്രദ്ധേയവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ നടത്തിയ ഹരിതകർമ്മസേനകളിലെ അംഗങ്ങളെയും അതത് തദ്ദേശ സ്ഥാപനത്തിലെ ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ.സീമ, മാലിന്യ സംസ്കരണ ഉപമിഷൻ കൺസൾട്ടന്റ് എൻ. ജഗജീവൻ, ടെക്നിക്കൽ ഓഫീസർ പി.അജയകുമാർ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർമാർ, ശുചിത്വ മാലിന്യസംസ്കരണ രംഗത്തെ വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും. കുടുംബശ്രീ, ശുചിത്വ മിഷൻ, ക്ലീൻകേരള കമ്പനി എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളും ലൈവിൽ പങ്കെടുക്കും.

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുക, സേന നൽകുന്ന സേവനങ്ങളെക്കുറിച്ച് കൂടുതൽ പ്രചാരണം നൽകുക, വിജയിച്ച മാതൃകകൾ മറ്റ് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കും, ജനങ്ങൾക്കും പരിചയപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഫേസ്ബുക്ക് ലൈവ് പരമ്പര സംഘടിപ്പിക്കുന്നതെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ അറിയിച്ചു. ഹരിതകർമ്മസേനകളുടെ പ്രവർത്തനം സംബന്ധിച്ച അവതരണവും പ്രേക്ഷകരുടെ സംശയങ്ങൾക്ക് വിദഗ്ധരുടെ തത്സമയ മറുപടിയും ലൈവിൽ ഉണ്ടാകും. നാളെ മുതൽ എല്ലാ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ഉച്ചയ്ക്ക് 3 മണി മുതൽ 4.30 വരെയാണ് പരിപാടി. ഓരോ ദിവസവും രണ്ടുവീതം തദ്ദേശ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേനകളാണ് അവതരണത്തിനെത്തുന്നത്. ഇന്ന് (04.08.2020 ചൊവ്വ) കോഴിക്കോട് ജില്ലയിലെ വടകര മുനിസിപ്പാലിറ്റി, പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ ഹരിതകർമ്മ സേനകളുടെ അവതരണമാണ് നടക്കുന്നത്. തുടർന്നുള്ള ദിവസങ്ങളിൽ എരിഞ്ഞോളി, കുന്നംകുളം, ആന്തൂർ, ബേഡഡുക്ക, കരുളായി, പുതുപരിയാരം, മുട്ടിൽ, ചോറ്റാനിക്കര, തളിപ്പറമ്പ്, കുമിളി, വാകത്താനം, ക്ലാപ്പന, വക്കം, നീലേശ്വരം എന്നീ തദ്ദേശ സ്ഥാപനങ്ങൾ അവതരണങ്ങൾ നടത്താനെത്തും. ഹരിതകേരളം മിഷൻ ഔദ്യോഗിക ഫേസ്ബുക്ക് പേജ് www.fb.com/harithakeralamission സന്ദർശിച്ച് ലൈവ് പരിപാടി കാണാവുന്നതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഹരിതകേരളം മിഷൻ**

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in

F1111